KSFESA
CITU

# KERALA STATE
# FINANCIAL ENTERPRISES STAFF ASSOCIATION

Reg. No. 181/71, Kottappuram Road, Thrissur -4
(Affiliated to C.I.T.U.R. No. K. 1128)
E-mail:ksfeacitu@yahoo.co.in) Web : www.ksfesa.com

*President*
A. K. Balan MLA
Mob : 9846361111

*General Secretary*
S. Muraleekrishnapillai
Mob : 9446538432

സർക്കുലർ നമ്പർ : 20/2016

സഖാക്കളേ,

5 വർഷത്തെ നീണ്ട ഇടവേളയ്ക്കുശേഷം കെ.എസ്.എഫ്.ഇ.യിൽ ബിസിനസ് വിഷയം ചർച്ച ചെയ്യുന്നതിന് സംഘടനാ നേതാക്കളുടെ വിപുലമായ യോഗം 25.08.16 ന് രാവിലെ 11.30 ന് ഹെഡ്ഡാഫീസിൽ വിളിച്ചുചേർത്തു. നമ്മുടെ ഭാരവാഹികൾ എല്ലാവരും പങ്കെടുത്തു. ചിട്ടികുടിശികയും ലോൺ കുടിശികയും RR കുടിശികയും അപകടകരമാംവിധം വർധിച്ചുവെന്ന നമ്മുടെ അഭിപ്രായം വസ്തുതാപരമാണെന്ന് അടിവരയിടുന്ന കണക്കുകളാണ് മാനേജ്മെന്റ് യോഗത്തിൽ അവതരിപ്പിച്ചത്. ചിട്ടി ബിസിനസ് ശുദ്ധീകരിക്കുന്നതിനും കുടിശിക നിവാരണത്തിനും കൂടുതൽ ശ്രദ്ധയൂന്നിക്കൊണ്ടും ജീവനക്കാരെ വിശ്വാസത്തിലെടുത്തുകൊണ്ടും മുന്നോട്ട് പോകാനാണ് ഉദ്ദേശിക്കുന്നതെന്ന് മാനേജ്മെന്റ് ആമുഖ പ്രസംഗത്തിൽ തന്നെ സൂചിപ്പിച്ചു. കൃത്യമായ ഇടവേളകളിൽ ബിസിനസ് സബ് കമ്മിറ്റിയോഗം ചേരുന്നുവെന്നും ഓരോ സംഘടനയിൽ നിന്നും മൂന്നംഗങ്ങളെ വീതം ഉൾപ്പെടുത്തി ബിസിനസ് സ്കീമും രൂപീകരിക്കുവാനും തീരുമാനിച്ചു. എന്നാൽ ബിസിനസ് സബ് കമ്മിറ്റിയില്ലെങ്കിലും ബിസിനസ് നടക്കുമെന്ന നിഷേധാത്മക നിലപാടാണ് FEEA-OA സംഘടനകൾ സ്വീകരിച്ചത്. പൊള്ളചിട്ടികൾ പ്രോത്സാഹിപ്പിച്ചതും കുടിശിക കുത്തനെ വർധിച്ചതും CD Ratio തകർത്തതും സ്ഥാപനത്തിൽ ചർച്ച ചെയ്യപ്പെടുന്നതിന്റെ ജാള്യതയാണ് ഇത്തരമൊരു സമീപനം സ്വീകരിക്കാൻ അവരെ പ്രേരിപ്പിച്ചത്.

സംഘടനാ പ്രതിനിധികളെ ഉൾപ്പെടുത്തി ബിസിനസ് സബ് കമ്മിറ്റി രൂപീകരിയ്ക്കാൻ മാനേജ്മെന്റ് തീരുമാനിച്ച പശ്ചാത്തലത്തിൽ നമ്മുടെ സ്ഥാപനത്തിന്റെ ബിസിനസ് നവീകരണം. കുടിശിക നിവാരണം എന്നിങ്ങനെ സ്ഥാപനവുമായി ബന്ധപ്പെട്ട സമസ്ത വിഷയങ്ങളിലും യൂണിറ്റ് യോഗങ്ങൾ ചേർന്ന് അഭിപ്രായ രൂപീകരണം നടത്തണമെന്നഭ്യർത്ഥിക്കുന്നു. അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ജില്ലാ കമ്മിറ്റികൾ മുഖേന സംസ്ഥാന കമ്മിറ്റിയെ യഥാസമയം അറിയിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

**ബോണസ് – ഇൻസെന്റീവ് ചർച്ച 25.08.2016 ബുധനാഴ്ച**

അന്നേദിവസം ഉച്ചകഴിഞ്ഞ് 3 മണിയ്ക്ക് HO യിൽ വച്ച് ബോണസ് ഇൻസെന്റീവ് ചർച്ച നടന്നു. KSFEയുടെ ബിസിനസ് വർധിപ്പിക്കുന്നതിൽ ഗണ്യമായ സംഭാവന നൽകിയ ജീവനക്കാരെ മാനേജ്മെന്റ് അഭിനന്ദിച്ചു.

2015-16 സാമ്പത്തിക വർഷം 181.66 കോടി രൂപ പ്രവർത്തനലാഭവും 138.02 കോടി രൂപ നികുതി ബാധ്യതയും 26.21 കോടി രൂപാ allocable Surplus-ഉം, 24.64 കോടി രൂപ balance allocable Surplus-ഉം കാണിക്കുന്ന കണക്കാണ് മാനേജ്മെന്റ് അവതരിപ്പിച്ചത്. കഴിഞ്ഞ വർഷത്തേക്കാൾ (കഴിഞ്ഞ വർഷത്തെലാഭം 209.48 കോടി രൂപാ) 27.82 കോടി രൂപാ കുറവാണ് ഇത്തവണത്തെ ലാഭം. കേരള സർക്കാർ സർവീസ് ചാർജ് ഒഴിവാക്കിയതുമൂലം 89 കോടിയോളം രൂപയുടെ ലാഭമു

ണ്ടായെങ്കിലും ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണത്തിന് 115 കോടി വകയിരുത്തേണ്ടി വന്നതുമൂലമാണ് ലാഭം കുറയാൻ കാരണമെന്നും മാനേജ്മെന്റ് വിശദീകരിച്ചു. ചിട്ടി യുൾപ്പെടെ എല്ലാ പദ്ധതികളിലും കുടിശിക വർധിച്ചതുമൂലം RBI മാനദണ്ഡമനുസ രിച്ച് Bad debts-ന് കൂടുതൽ തുക വകയിരുത്തേണ്ടി വന്നതുമൂലവും ലാഭംകുറയാൻ കാരണമായിട്ടുണ്ടെന്ന് മാനേജ്മെന്റ് വിശദീകരിച്ചു മൊത്തം ശമ്പളചെലവ് (BP+DA) 307.19 കോടി രൂപയാണ്. ഇതിൽ 4474 വർക്ക്മെൻ ജീവനക്കാരുടെ ശമ്പളം 148.08 കോടി രൂപയും 1966 ഓഫീസർ ജീവനക്കാരുടെ ശമ്പളം 159.11 കോടി രൂപയുമാണ്.

## തീരുമാനങ്ങൾ

### 1. ഫെസ്റ്റിവൽ അഡ്വാൻസ്

താഴെ കൊടുത്തിരിക്കുന്ന രീതിയിൽ ഫെസ്റ്റിവൽ അഡ്വാൻസ് നൽകാൻ തീരുമാനിച്ചു.

| | | |
|---|---|---|
| വർക്ക്മെൻ (PTS) | : | 34,000/- രൂപ |
| വർക്ക്മെൻ (PTS) ഒഴികെ | : | 45,000/- രൂപ |
| ഓഫീസർമാർ | : | 50,000/- രൂപ |

### 2. ബോണസ്

ബോണസ് ആക്ടിൽ കേന്ദ്ര സർക്കാർ വരുത്തിയ ഭേദഗതിയ്ക്ക് അനുരോധമായി സംസ്ഥാന സർക്കാർ ഉത്തരവ് ഇറക്കിയതിനെ തുടർന്ന് 2015-16 സാമ്പത്തിക വർഷ ത്തിൽ പ്രതിമാസം 21,000/-(BP+DA+IR) രൂപാ വരെ ശമ്പളം വാങ്ങിയിട്ടുള്ളവർക്ക് ബോണസ് ലഭിക്കും. പ്രതിമാസം 1400/-രൂപ (കഴിഞ്ഞ വർഷം പ്രതിമാസം 700/- രൂപയായിരുന്നു) ക്രമത്തിൽ ബോണസ് ലഭിക്കും. കഴിഞ്ഞവർഷം 335 പേർക്ക് ബോണസ് ലഭിച്ച സ്ഥാനത്ത്, ഇത്തവണ 987 പേർക്ക് ബോണസ് ലഭിക്കും. കഴിഞ്ഞ തവണ ബോണസ് നൽകിയതിന് 10 ലക്ഷം രൂപാ മതിയായിരുന്നു. എന്നാൽ ഇത്തവണ ബോണസ് നൽകുന്നതിന് 1.57 കോടി രൂപ ആവശ്യമായി വരും.

2014 ഏപ്രിൽ മുതൽ മുൻകാല പ്രാബല്യത്തോടെ ബോണസ് ആക്ട് ഭേദഗതി ചെയ്തതിനാൽ, 2014-15 വർഷത്തെ ബോണസ് പുതുക്കി നിശ്ചയിക്കണമെന്നാവശ്യ പ്പെട്ടുകൊണ്ട് നാം യു.ഡി.എഫ്. മാനേജ്മെന്റിനും സർക്കാരിനും കത്ത് നൽകിയിരു ന്നു. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് HO യ്ക്ക് മുന്നിലും സെക്രട്ടറിയേറ്റ് നടയിലും പ്രക്ഷോഭങ്ങൾ നടത്തി. യാതൊരു നടപടിയുമുണ്ടായില്ല. ഇത്തവണത്തെ ബോണസ് ചർച്ചയിലും നാം ഈ വിഷയം ഉയർത്തി. പ്രസ്തുത പ്രശ്നം സർക്കാരുമായി കൂടിയാ ലോചിച്ച് അനുഭാവപൂർവ്വം പരിഗണിയ്ക്കുമെന്ന് മാനേജ്മെന്റ് ഉറപ്പുനൽകി.

### 3. ഫെസ്റ്റിവൽ അലവൻസ്

ബോണസിന് അർഹതയില്ലാത്തവർക്ക് 2400/-രൂപയും റിട്ടയർ ചെയ്ത ജീവന ക്കാർക്ക് 2500/- രൂപയും 31.03.2016-ന് ശേഷം സർവീസിൽ പ്രവേശിച്ച ജീവന ക്കാർക്ക് 2400/- രൂപയും ഗോൾഡ് അപ്രൈസർമാർക്ക് 3000/- രൂപയും ഏജന്റു മാർക്ക് 1100 രൂപയും Festival Allowance ലഭിക്കും.

### 4. പെർഫോമൻസ് ഇൻസെന്റീവ്

കഴിഞ്ഞവർഷം നൽകിയ തുക (അതായത് 21.23 കോടി രൂപാ) ഇൻസെന്റീവായി വിതരണം ചെയ്യാമെന്നുള്ള നിർദ്ദേശം മാനേജ്മെന്റ് മുന്നോട്ടുവച്ചു. എന്നാൽ ഇത് ശമ്പ ളത്തിന്റെ 7% മാത്രമാണുള്ളതെന്നും ശമ്പളപരിഷ്ക്കരണമടക്കം വൈകിയതിന്റെ നഷ്ടം ജീവനക്കാർക്കുണ്ടെന്നും നാം വാദിച്ചു. ശമ്പളപരിഷ്ക്കരണ ആനുകൂല്യം നൽകാതി രുന്നിട്ടുകൂടി) 'Low Key Campaign'-ൽ 126 കോടി (ലക്ഷ്യത്തേക്കാൾ 26 കോടി

അധികം) ചിട്ടി ബിസിനസ് ചെയ്ത ജീവനക്കാരുടെ പരിശ്രമം കാണണമെന്നും നാം മാനേജ്മെന്റിനെ ഓർമിപ്പിച്ചു ചർച്ചയുടെ അവസാനം 7.50% നൽകാമെന്ന് മാനേജ്മെന്റ് അറിയിച്ചുവെങ്കിലും ധാരണയുണ്ടായില്ല. തുടർ ചർച്ച 27.08.2016-ന് രാവിലെ 9.30 -ന് തിരുവനന്തപുരം RO യിൽ വച്ച് നടത്താൻ തീരുമാനിച്ചു.

27.08.2016-ന് നടന്ന ചർച്ചയിൽ 7.75% ഇൻസെന്റീവ് നൽകാമെന്ന് മാനേജ്മെന്റിന്റെ നിർദ്ദേശം സംഘടനകൾ അംഗീകരിച്ചില്ല. തുടർന്ന് 12 മണിയ്ക്ക് ധനകാര്യ വകുപ്പ് മന്ത്രി സ: ഡോ. റ്റി.എം. തോമസ് ഐസക്കിന്റെ സാന്നിദ്ധ്യത്തിൽ ധന കാര്യവകുപ്പ് മന്ത്രിയുടെ ചേമ്പറിൽ ചർച്ച തുടർന്നു വളരെ ഉദാരമായ സമീപനമാണ് ധനകാര്യ വകുപ്പ് മന്ത്രി സ്വീകരിച്ചത് Balance Allocable Surplus 24.64 കോടി രൂപാ മാത്രമേയുള്ളൂവെങ്കിലും 26.11 കോടി രൂപാ നൽകാമെന്ന് ധനമന്ത്രി അറിയിച്ചു. അതായത് 2015-16 വർഷത്തെ ശമ്പള (BP+PP+DA) ത്തിന്റെ 8.50% ഇൻസെന്റീവ് ജീവനക്കാർക്ക് ലഭിക്കും. ഇൻസെന്റീവ് മിനിമം തുക 2400/- രൂപയും പരമാവധി തുക 98,000/- രൂപയുമായിരിക്കും. സ്ഥാപനത്തിന്റെ സമീപകാല ചരിത്രത്തിലെ ഏറ്റവും ഉയർന്ന തുകയും ഉയർന്ന നിരക്കുമാണിത്. ജീവനക്കാരുടെ ആവശ്യത്തിന്മേൽ പ്രതിജ്ഞാബദ്ധമായ നിലപാട് സ്വീകരിച്ച ധനമന്ത്രിയ്ക്കും LDF സർക്കാരിനും സംഘടനയുടെ വിപ്ലവാഭിവാദ്യങ്ങൾ നേരുന്നു. കഴിഞ്ഞ യുഡിഎഫ് സർക്കാർ അട്ടിമറിച്ച ശമ്പളപരിഷ്ക്കരണ കരാർ ഓണത്തിന് മുമ്പുതന്നെ അംഗീകാരം നൽകുമെന്നും മന്ത്രി അറിയിച്ചു.

**5. ബോണസ് – ഇൻസെന്റീവ് ലെവി**

മുൻ വർഷങ്ങളിലെപ്പോലെ തന്നെ ഈ വർഷവും 3% നിരക്കിൽ ബോണസ് - ഇൻസെന്റീവ് ലെവി അംഗങ്ങളിൽ നിന്നും ശേഖരിയ്ക്കാൻ തീരുമാനിച്ചു. ഫെസ്റ്റിവൽ അലവൻസിന് ലെവി ഈടാക്കുവാൻ പാടില്ല. ബോണസ് തുകയിൽ നിന്നും 2400/- രൂപ (Festival Allowance) കഴിച്ചുള്ള തുകയ്ക്കാണ് ബോണസ് ലെവി കണക്കാക്കേണ്ടത്.

**6. പിണറായി സർക്കാരിന്റെ 100 ദിനങ്ങൾ**

സ്ഥാപനത്തിലെ അടിസ്ഥാന വിഭാഗം ജീവനക്കാർക്ക് കഴിഞ്ഞ യുഡിഎഫ് സർക്കാരും മാനേജ്മെന്റും നിഷേധിച്ച സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ 100 ദിവസത്തിനുള്ളിൽ അനുവദിക്കപ്പെട്ടു. ഇതുമൂലം ഗർഭിണികളും രോഗികളുമുൾപ്പെടെയുള്ള ജീവനക്കാർക്ക് ആശ്വാസം കിട്ടി. ഒഴിവുകൾ ഉണ്ടായിട്ടും നിയമനം നടത്താതെ മരവിപ്പിച്ചിരുന്ന മേഖലകളിൽ സ്ഥിരം നിയമനം നടത്തി. ഇതിലൂടെ തൊഴിൽരഹിതരായ യുവതിയുവാക്കളോടുള്ള സമീപനം ഈ സർക്കാർ വ്യക്തമാക്കി. 100 ദിവസത്തിനുള്ളിൽ 390 അസ്റ്റന്റുമാർ, 115 ഓഫീസ് അറ്റന്റുമാർ, 32 PTS മാർ എന്നിവർക്ക് സ്ഥിരം നിയമനം നൽകി. 51 ഓഫീസ് അറ്റന്റുമാർക്ക് ജൂനിയർ അസിസ്റ്റന്റായി പ്രമോഷനും നൽകി.

**7. സെപ്തംബർ 2–ദേശീയപണിമുടക്ക്**

വിലക്കയറ്റം നിയന്ത്രിക്കുക, പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിയ്ക്കുക, സുസ്ഥിരമായ പെൻഷൻ നടപ്പാക്കുക, ബോണസിന്റെ പരിധി എടുത്തുകളയുക എന്നിങ്ങനെ 12 ഇന ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേന്ദ്ര-സംസ്ഥാന ജീവനക്കാരുടെയും ബാങ്ക്-ഇൻഷ്വറൻസ്, റെയിൽവെ, വ്യോമയാന തൊഴിലാളികളും പങ്കെടുത്ത ദേശീയപണിമുടക്കം ചരിത്രവിജയമായിരുന്നു. രാജ്യത്ത തൊഴിലാളിവർഗ്ഗം ഒറ്റകെട്ടായി നടത്തിയ പണിമുടക്കം സ്ഥാപനത്തിൽ സമ്പൂർണ്ണമായിരുന്നു. പണിമുടക്കിൽ പങ്കെടുത്ത മുഴുവൻ ജീവനക്കാരേയും സംഘടനാ അഭിവാദ്യം ചെയ്യുന്നു.

തിരുവനന്തപുരം,
03.09.2016

**എസ്. മുരളീകൃഷ്ണപിള്ള**
ജനറൽസെക്രട്ടറി
KSFE സ്റ്റാഫ് അസോസിയേഷൻ (CITU)

## ചിട്ടിയിൽ ചേരുക, കേരള വികസനത്തിൽ പങ്കാളിയാകുക

# പ്രവാസി ചിട്ടിയിലൂടെ വികസനത്തിന് 2000 കോടി

കേരള വികസനത്തിന് പ്രവാസികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ പദ്ധതിയുമായി സംസ്ഥാന സർക്കാർ. പ്രവാസികൾക്കായി തുടങ്ങുന്ന പ്രത്യേക ചിട്ടികളിലൂടെ 2000 കോടി രൂപ ഈ വർഷം കേരള ഫിനാൻഷ്യൽ എന്റർപ്രൈസസ് (കെ.എസ്.എഫ്.ഇ.) സമാഹരിക്കും. ഈ തുക നാടിന്റെ വികസനപ്രവർത്തനങ്ങൾക്കായി നിക്ഷേപിക്കും. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) വഴിയായിരിക്കും. തുക വികസനപദ്ധതികളിലേക്ക് വിനിയോഗിക്കുക. 'ചിട്ടിയിൽ ചേരുക, കേരള വികസനത്തിൽ പങ്കാളിയാകുക' എന്ന മുദ്രാവാക്യം ഉയർത്തിയാകും പുതിയ ചിട്ടികൾ അവതരിപ്പിക്കുക.

പ്രവാസി ചിട്ടികൾക്ക് കെ.എസ്.എഫ്.ഇ. ചിട്ടിയിൽ ചേരാനുള്ള തടസ്സം മാറിയതോടെയാണ്. നാടിന്റെ വികസനത്തിന് അവരുടെ പങ്കാളിത്തം ഉറപ്പാക്കാനുള്ള പദ്ധതിക്ക് ധനവകുപ്പ് രൂപം നൽകുന്നത്. കേന്ദ്ര ചിട്ടിനിയമം അനുസരിച്ച് പ്രവാസികൾക്കായി ചിട്ടി നടത്താൻ തടസ്സമുണ്ടായിരുന്നു. ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ടിൽ മാറ്റം വരുത്തിയതോടെ തടസ്സം നീങ്ങി.

ആഗോളാടിസ്ഥാനത്തിലായിരിക്കും ചിട്ടിയുടെ പ്രഖ്യാപനം. ഇതിനായി ഓൺലൈൻ സംവിധാനത്തിൽ സവിശേഷ ശാഖ (വെർച്വൽ ബ്രാഞ്ച്) തുടങ്ങും. ഈ ശാഖയിലൂടെ ചിട്ടികൾ പ്രഖ്യാപിക്കും. ലോകത്തിന്റെ ഏതു ഭാഗത്തും നിന്നും ചിട്ടിയിൽ ചേരാം. ചേരുന്നയാൾക്ക് പാസ്പോർട്ടിന്റെയും വിസയുടെയും പകർപ്പ് സഹിതം ഓൺലൈനിലൂടെ അപേക്ഷിക്കാം. എൻആർഐ അക്കൗണ്ടുവഴി ചിട്ടി തവണ ഒടുക്കുകയും ചെയ്യാം.

ആദ്യ തവണയായി വരിക്കാർ അടയ്ക്കുന്ന മുഴുവൻ ചിട്ടിത്തുക (ആദ്യ സല)യും ട്രഷറി അക്കൗണ്ടിൽ സൂക്ഷിക്കണമെന്നാണ് വ്യവസ്ഥ. ബാക്കി തുക ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിക്കുക. പ്രവാസി ചിട്ടിയിൽ ബാങ്ക് നിക്ഷേപത്തിനുപകരം തുക കിഫ്ബിയിൽ ഹ്രസ്വകാല ബോണ്ടുകളായി നിക്ഷേപിക്കും. ചിട്ടി തുക ചിറ്റാളന് ലഭ്യമാക്കേണ്ട മുറയ്ക്ക് കിഫ്ബിയിൽ നിന്ന് ബോണ്ട് പിൻവലിക്കും. ബോണ്ടിലൂടെ അധികവരുമാനവും ഉറപ്പാകും.

ചിട്ടി നടത്തിപ്പുകാരന്റെ കമ്മീഷൻ ചിട്ടിത്തുകയുടെ അഞ്ചു ശതമാനമാണ്. ഇതിനു മുകളിൽ 12.5 ശതമാനം സേവന നികുതി അടയ്ക്കണം. ഈ നികുതി ചിറ്റാളിന്റെ ചുമലിൽ ചമത്തുകയാണ് പതിവ്. എന്നാൽ, പ്രവാസി ചിട്ടിയിൽ സേവന നികുതി പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കുന്നതും സർക്കാർ പരിഗണിക്കുന്നു. ഇതിന്റെ നഷ്ടം ബോണ്ടിൽ നിന്നുള്ള വരുമാനങ്ങളിലൂടെ പരിഹരിക്കാനാകുമെന്നാണ് കണക്കുകൂട്ടൽ.

പ്രവാസി ചിട്ടിയുടെ പ്രചാരണത്തിന് കെ.എസ്.എഫ്.ഇ. വിപുല പദ്ധതി തയ്യാറാക്കും. മധ്യകിഴക്കൻ രാജ്യങ്ങളിലടക്കം പദ്ധതിയുടെ പ്രചാരണത്തിന് പ്രത്യേക പ്രതിനിധികളെ നിയോഗിക്കുന്നതും പരിഗണിക്കുന്നു. മലയാളി സംഘടനയ്ക്ക് പ്രവാസി ചിട്ടി പ്രചരണത്തിൽ വലിയ പങ്ക് വഹിക്കാൻ കഴിയുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ.